# സകാശ് നൽകുന്ന സേവനം ചെയ്യുന്നതിന് ആകർഷണമുക്തമായി പരിധിയില്ലാത്ത വൈരാഗിയാകൂ

ഇന്നത്തെ ദിനം വിശേഷ സ്നേഹത്തിന്റെ ദിനമാണ്. അമൃതവേള മുതൽ നാനാ ഭാഗത്തെയും കുട്ടികൾ തന്റെ ഹൃദയത്തിന്റെ സ്നേഹം ബാപ്ദാദയ്ക്ക് അർപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. സർവ കുട്ടികളുടെയും സ്നേഹത്തിന്റെ മുത്തുകളുടെ മാലകൾ, മറുവശത്ത് മധുര മധുരമായ പരാതികളുടെ മാലകളുമുണ്ടായിരുന്നു. എന്നാൽ ഈ വർഷം പരാതികളിൽ വ്യത്യാസം കണ്ടു. ആദ്യം പരാതികളുണ്ടായിരുന്നു- എന്നെയും കൂടെ കൊണ്ടു പോകണം, ഞാൻ സാകാര പാലന എടുത്തിട്ടില്ല... ഈ വർഷം ഭൂരിപക്ഷത്തിന്റെ പരാതി ഇതാണ്- ഇപ്പോൾ ബാപ്സമാനമായി അങ്ങയുടെ അടുക്കൽ എത്തിച്ചേരണം. സമാനമാകുന്നതിന്റെ ഉണർവുത്സാഹം ഭൂരിപക്ഷത്തിനും നന്നായി ഉണ്ട്. സമാനമാകുന്നതിന്റെ ഇച്ഛ വളരെ തീവ്രമാണ്. ആയിത്തീരണം, എത്തിച്ചേരണം, ഈ സങ്കൽപം ആത്മീയസംഭാഷണത്തിൽ ധാരാളം കുട്ടികൾക്കുണ്ടായി. ബാപ്ദാദയും ഇതാണ് കുട്ടികളോട് പറയുന്നത്- സമാനമായി ഭവിക്കട്ടെ, സമ്പന്നമായി ഭവിക്കട്ടെ, സമ്പൂർണമായി ഭവിക്കട്ടെ. ഇതിന്റെ മാർഗം സദാ വളരെ എളുപ്പമാണ്, ഏറ്റവും എളുപ്പ മാർഗമാണ്- സദാ സ്നേഹത്തിന്റെ സാഗരത്തിൽ അലിഞ്ഞുചേരൂ. ഇന്നത്തെ ദിവസം സ്നേഹത്തിൽ അലിഞ്ഞതായ പോലെ, മറ്റെന്തെങ്കിലും ഇന്ന് ഓർമയുണ്ടായിരുന്നോ? ബാപ്ദാദയല്ലാതെ മറ്റെന്തെങ്കിലും ഓർമയുണ്ടായിരുന്നോ? എണീൽക്കുമ്പോഴും ഇരിക്കുമ്പോഴും സ്നേഹത്തിൽ അലിഞ്ഞിരിക്കട്ടെ. നടക്കുമ്പോഴും ഇരിക്കുമ്പോഴും എന്താണ് ഓർമയുണ്ടായിരുന്നത്? ബ്രഹ്മാബാബയുടെ ചരിത്രവും ചിത്രവും , ചിത്രവും മുന്നിലുണ്ടായി, ചരിത്രവും സ്മൃതിയിലുണ്ടായി. എല്ലാവരും സ്നേഹത്തിന്റെ അനുഭവം ഇന്ന് വിശേഷിച്ച് ചെയ്തുവല്ലോ? പരിശ്രമം തോന്നിയോ? എളുപ്പമായില്ലേ! സ്നേഹം ഇങ്ങനെയുള്ള ശക്തിയാണ്- അത് എല്ലാം മറപ്പിക്കുന്നു. ദേഹവും ഓർമ വരുന്നില്ല, ദേഹത്തിന്റെ ലോകവും ഓർമ വരുന്നില്ല. സ്നേഹം പരിശ്രമത്തിൽ നിന്നു വിടുവിക്കുന്നു. എവിടെ പ്രേമമുണ്ടോ അവിടെ പരിശ്രമമുണ്ടാകുന്നില്ല. സ്നേഹം സദാ സഹജമായി ബാപ്ദാദയുടെ കൈ തനിക്കു മേൽ അനുഭവമാക്കുന്നു. സ്നേഹം കുടത്തണലായി മായാജീത്താക്കി മാറ്റുന്നു. . എത്ര തന്നെ വലിയ സമസ്യയാകുന്ന പർവതമാകട്ടെ സ്നേഹം പർവതത്തെയും വെള്ളം പോലെ ലഘുവാക്കി മാറ്റുന്നു. അപ്പോൾ സ്നേഹത്തിൽ കഴിയുവാൻ അറിയുകയില്ലേ? ഇന്ന് ഇരുന്നു നോക്കിയില്ലേ! എന്തെങ്കിലും ഓർമ വന്നോ? ഇല്ലല്ലോ! ബാബാ, ബാബാ, ബാബാ.. ഒരേ ഓർമയിൽ ലൗലീനമായിരുന്നു. അപ്പോൾ ബാപ്ദാദ പറയുന്നു, മറ്റൊരു പുരുഷാർഥവും ചെയ്യേണ്ട, സ്നേഹത്തിന്റെ സാഗരത്തിൽ അലിഞ്ഞുചേരൂ. അലിയുവാൻ അറിയാമല്ലോ. ഇടയ്ക്കിടെ കുട്ടികൾ സ്നേഹത്തിന്റെ സാഗരത്തിൽ അലിയുന്നു, എന്നാൽ അൽപ സമയം അലിഞ്ഞു, പിന്നെ പുറത്തേക്കു വരുന്നു. ഇപ്പോഴിപ്പോൾ പറയുന്നു ബാബാ, മധുരമായ ബാബാ, പ്രിയപ്പെട്ട ബാബാ, ഇപ്പോഴിപ്പോൾ പുറത്തുവന്ന് കാര്യങ്ങളിൽ മുഴുകുന്നു. കേവലം അൽപം മുങ്ങാംകുഴിയിട്ട് പുറത്തുവരുന്ന പോലെ , സ്നേഹത്തിൽ അലിഞ്ഞു, മുങ്ങി, പുറത്തുവന്നു. അലിഞ്ഞു ചേർന്നിരിക്കൂ എങ്കിൽ സ്നേഹത്തിന്റെ ശക്തി ഏറ്റവും എളുപ്പം മുക്തമാക്കി മാറ്റും.

എല്ലാ കുട്ടികൾക്കും ബ്രാഹ്മണജന്മത്തിന്റെ ആദിയുടെ അനുഭവം, സ്നേഹമാണ് ബ്രാഹ്മണനാക്കിയത്. സ്നേഹമാണ് പരിവർത്തനപ്പെടുത്തിയത്. തന്റെ ജന്മത്തിന്റെ ആദി സമയത്തിന്റെ അനുഭവം ഓർമയുണ്ടോ? ജ്ഞാനവും യോഗവും ലഭിച്ചു, എന്നാൽ സ്നേഹമാണ് ആകർഷിച്ച് ബാബയുടേതാക്കിയത്. അഥവാ സദാ സ്നേഹത്തിന്റെ ശക്തിയിൽ കഴിയുകയാണെങ്കിൽ സദാ പരിശ്രമത്തിൽ നിന്ന് മുക്തമായി മാറും. മുക്തിവർഷവും ആചരിക്കുകയാണല്ലോ. അപ്പോൾ പരിശ്രമത്തിൽ നിന്നും മുക്തം, അതിനുള്ള മാർഗമാണ്- സ്നേഹത്തിൽ അലിഞ്ഞുചേർന്നിരിക്കൂ. സ്നേഹത്തിന്റെ അനുഭവം എല്ലാവർക്കുമില്ലേ? അതോ ഇല്ലേ? അഥവാ ബാപ്ദാദയോട് ഏറ്റവും സ്നേഹം ആർക്കാണ് എന്ന് ആരോട് ചോദിക്കുകയാണെങ്കിലും എല്ലാവരും കൈ ഉയർത്തും എനിക്കാണ്. (എല്ലാവരും കൈ വീശി). സൈലൻസിന്റെ കൈ ഉയർത്തൂ, ശബ്ദത്തിന്റെയല്ല. അപ്പോൾ ബാപ്ദാദ ഇന്ന് ഇതാണ് പറയുന്നത്- സ്നേഹത്തിന്റെ ശക്തി സദാ കാര്യത്തിലുപയോഗിക്കൂ. സഹജമല്ലേ! യോഗം വെക്കുന്നു- ദേഹം മറക്കട്ടെ, ദേഹത്തിന്റെ ലോകം മറക്കട്ടെ, മായാജീത്താകട്ടെ. സ്നേഹത്തിന്റെ കുടത്തണലിൽ കഴിയുമ്പോൾ സ്നേഹത്തിന്റെ കുടത്തണലിൽ മായയ്ക്കു വരാനാവില്ല. സ്നേഹത്തിന്റെ സാഗരത്തിന്റെ പുറത്തുവരുന്നുവല്ലോ, അപ്പോൾ മായ നോക്കുന്നു, തന്റേതാക്കുന്നു, പുറത്തു വരികയേ വേണ്ട, മുങ്ങിയിരിക്കൂ. സ്നേഹി ഏതൊരു കാര്യം ചെയ്യുമ്പോഴും സ്നേഹിക്കുന്നയാളെ മറക്കുകയേയില്ല. സ്നേഹത്തിൽ മുഴുകി ഓരോ കാര്യവും ചെയ്യുന്നു. ഇന്നത്തെ ദിവസം മുഴുകിയിരിക്കുന്ന പോലെ ഇങ്ങനെ സദാ സ്നേഹത്തിൽ കഴിഞ്ഞുകൂടേ? സ്നേഹം

സഹജമായി തന്നെ സമാനമാക്കിത്തരും. എന്തെന്നാൽ ആരോടാണോ സ്നേഹം അവരെപ്പോലെയാകുക അതു ബുദ്ധിമുട്ടല്ല.

ബ്രഹ്മാബാബയോട് ഹൃദയത്തിന്റെ സ്നേഹമാണ്, ബ്രഹ്മാബാബയ്ക്കും കുട്ടികളോട് അതിസ്നേഹമാണ്. സദാ ഓരോരോ കുട്ടിയെയും എമർജ് ചെയ്ത് വിശേഷിച്ച് സമാനമാകുന്നതിന് സകാശ് നൽകിക്കൊണ്ടിരിക്കുന്നു. പഴയ ജീവിതത്തിൽ ഓരോരോ രത്നത്തെ കണ്ട് ഓരോ രത്നത്തിന്റെ മൂല്യത്തെ അറിഞ്ഞ് വിശേഷിച്ച് കാര്യത്തിലുപയോഗിച്ച് ഇങ്ങനെ ഇപ്പോഴും ഓരോരോ രത്നത്തെ വിശേഷ രൂപത്തോടെ വിശേഷതയെ കാര്യത്തിലുപയോഗിക്കാനുള്ള സദാ സങ്കൽപം നൽകിക്കൊണ്ടിരിക്കുന്നു. ഓരോരുത്തരുടെയും വിശേഷതയെ ആഹാ ആഹാ പാടിക്കൊണ്ടിരിക്കുന്നു. ആഹാ എന്റെ അമൂല്യരത്നം. പല കുട്ടികളും ചിന്തിക്കുന്നു- ബ്രഹ്മാബാബ വതനത്തിൽ എന്തു ചെയ്യുകയാണ്? ഞങ്ങൾ ഇവിടെ സേവനം ചെയ്തു കൊണ്ടിരിക്കുന്നു, ബ്രഹ്മാബാബ അവിടെ വതനത്തിൽ എന്താണ് ചെയ്യുന്നത്? എന്നാൽ ബാബ പറയുന്നു- സാകാരരൂപത്തിൽ സദാ കുട്ടികൾക്കൊപ്പം കഴിഞ്ഞതു പോലെ ഇപ്പോൾ വതനത്തിലും കഴിയുന്നു. കുട്ടികളുടെ കൂടെ തന്നെ കഴിയുന്നു, ഒറ്റയ്ക്ക് കഴിയുന്നില്ല. കുട്ടികളില്ലാതെ ബാബയ്ക്കും രസമില്ല. കുട്ടികൾക്ക് ബാബയില്ലാതെ പറ്റില്ല, ഇങ്ങനെ ബാബയ്ക്കും കുട്ടികളില്ലാതെ ഒട്ടും പറ്റില്ല. ഒറ്റയ്ക്ക് കഴിയുന്നില്ല, കൂടെ കഴിയുന്നു. സാകാരത്തിൽ കൂട്ടിന്റെ അനുഭവം സാകാരരൂപത്തിൽ കുറച്ച് കുട്ടികൾക്കേ ചെയ്യാൻ കഴിഞ്ഞുള്ളൂ. ഇപ്പോഴാണെങ്കിൽ അവ്യക്തരൂപത്തിൽ ഓരോ കുട്ടിയോടുമൊപ്പം ഏതു സമയം വേണമോ എപ്പോൾ വേണമോ കൂട്ടു നിറവേറ്റുന്നു. ചിത്രങ്ങളിൽ കാണുന്ന പോലെ - അവർ ഓരോരോ ഗോപികയ്ക്കുമൊപ്പം കൃഷണനെ കാണിച്ചു, എന്നാൽ അത് ഈ സമയത്തെ മഹിമയാണ്. ഇപ്പോൾ അവ്യക്തരൂപത്തിൽ ഓരോ കുട്ടിക്കുമൊപ്പം എപ്പോൾ വേണമോ രാത്രി രണ്ടു മണിക്കായാലും ഒന്നര മണിക്കായാലും കൂട്ടു നിറവേറ്റുന്നു. സാകാരത്തിലാണെങ്കിൽ സെന്ററിൽ ചുറ്റിക്കറങ്ങുന്നത് ഇടയ്ക്കിടെ ഉണ്ടാവും എന്നാൽ ഇപ്പോൾ അവ്യക്തരൂപത്തിലാണെങ്കിൽ പവിത്ര ഗൃഹസ്ഥരുടെ അടുക്കലും ചുറ്റിക്കറങ്ങുന്നു. ബാബയ്ക്ക് ജോലി തന്നെ എന്താണ്, കുട്ടികളെ സമാനമാക്കി കൂടെ കൊണ്ടുപോകുക, ഇതല്ലേ ജോലി, മറ്റെന്താണ്? അപ്പോൾ ഇതിൽ തന്നെ ഏർപ്പെട്ടിരിക്കുന്നു.

അപ്പോൾ ഇന്നത്തെ ദിവസം ബാപ്ദാദ വിശേഷിച്ച് പരിശ്രമ മുക്തരായി ഭവിക്കട്ടെ എന്ന വരദാനം നൽകുന്നു. ഏതൊരു കാര്യം ചെയ്യുമ്പോഴും ഡബിൾലൈറ്റായിരുന്ന് കാര്യം ചെയ്യൂ, അപ്പോൾ പരിശ്രമം മനോരഞ്ജനത്തിന്റെ അനുഭവം ചെയ്യിക്കും എന്തെന്നാൽ ബാപ്ദാദയ്ക്ക് കുട്ടികളുടെ പരിശ്രമം ചെയ്യുന്നത്, യുദ്ധം ചെയ്യുന്നത്, ജയ പരാജയങ്ങളുടെ കളി കളിക്കുക- ഇത് നല്ലതായി തോന്നുന്നില്ല. മുക്തവർഷം ആഘോഷിക്കുകയല്ലേ! ആഘോഷിക്കുകയാണോ അതോ പരിശ്രമത്തിൽ മുഴുകിയിരിക്കുകയാണോ? ഇന്നത്തെ ദിവസം വിശേഷിച്ച് ഈ വരദാനം ഓർമിക്കുക- പരിശ്രമത്തിൽ നിന്ന് മുക്തരായി ഭവിക്കട്ടെ. ഈ സംഗമയുഗം പരിശ്രമത്തിൽ നിന്ന് മുക്തമായിരിക്കാനുള്ള യുഗമാണ്. ആനന്ദത്തിൽ കഴിയാനുള്ളതാണ്. അഥവാ പരിശ്രമമുണ്ടെങ്കിൽ ആനന്ദമുണ്ടാകുകയില്ല. ഒരു യുഗം മാത്രമാണ് പരമാത്മാവിന്റെയും ആത്മാക്കളുടെയും ആനന്ദം ആഘോഷിക്കാനുള്ള യുഗം. ആത്മാ- പരമാത്മാവിന്റെ സ്നേഹത്തിന്റെ യുഗമാണ്. മിലനത്തിന്റെ യുഗമാണ്. അപ്പോൾ ദൃഢ സങ്കൽപം ചെയ്യൂ- ഇന്ന് മുതൽ പരിശ്രമത്തിൽ നിന്ന് മുക്തമായിരിക്കും. ആകുകയില്ലേ? ഇങ്ങനെയാകരുത് - ഇവിടെ കൈ ഉയർത്തുകയും അവിടെ പോയി എന്തു ചെയ്യാൻ, എങ്ങനെ ചെയ്യാൻ? എന്തെന്നാൽ ബാപ്ദാദയുടെ പക്കൽ ഓരോരോ കുട്ടിയുടെയും ദൃഢസങ്കൽപത്തിന്റെ മുഴുവൻ ഫയലുമുണ്ട്. ബാപ്ദാദ ഇടയ്ക്ക് കുട്ടികളുടെ ഫയൽ നോക്കുന്നു. വീണ്ടും വീണ്ടും ദൃഢ സങ്കൽപം ചെയ്തില്ലേ. എപ്പോൾ മുതൽ ജന്മമെടുത്തോ ഇപ്പോൾ വരെയും എത്ര തവണ സങ്കൽപമെടുത്തു, ഇതു ചെയ്യും, ഇതു ചെയ്യും... എന്നാൽ അതിനെ പൂർത്തീകരിച്ചില്ല. ആത്മീയസംഭാഷണം വളരെ നന്നായി ചെയ്യുന്നു, ബാപ്ദാദയെയും സന്തോഷിപ്പിക്കുന്നു, ജിജ്ഞാസുക്കളെ പ്രഭാവിതരാക്കുന്ന പോലെ ബാപ്ദാദയെയും പ്രഭാവിതമാക്കുന്നു, എന്നാൽ ദൃഢസങ്കൽപത്തിന്റെ പ്രഭാവം അൽപ നേരം മാത്രം ഉണ്ടാകുന്നു, സദാ ഉണ്ടാകുന്നില്ല. അപ്പോൾ ബാപ്ദാദയുടെ ഫയൽ വർധിച്ചു കൊണ്ടിരിക്കുന്നു. എപ്പോൾ എന്തെങ്കിലും പരിപാടി ഉണ്ടാകുന്നുവോ അപ്പോൾ ബാപ്ദാദയുടെ ഫയലിൽ ഒരു പ്രതിജ്ഞാ പത്രം ശേഖരിക്കപ്പെടുന്നു. അതിനാൽ ബാപ്ദാദ എഴുതിക്കുന്നില്ല.

ഇന്നും എല്ലാവരും സങ്കൽപം ചെയ്തുകൊണ്ടിരിക്കുന്നു, ഇപ്പോൾ ഏതു വരെ പോകുന്നുവോ ഫയലിൽ കടലാസ് എപ്പോൾ വരെ ഉണ്ടോ ബാബയും കണ്ടുകൊണ്ടിരിക്കുന്നു. കുട്ടികൾ ബാപ്സമാനമാകുന്നതും ഫയൽ തീർത്ത് ഫൈനലാകുന്നതും. ഇപ്പോഴാണെങ്കിൽ അനവധി അനവധി ഫയലുണ്ട്. അപ്പോൾ കേവലം സ്നേഹത്തിൽ മുങ്ങിയിരിക്കൂ. സ്നേഹത്തിന്റെ സാഗരത്തിൽ നിന്ന് പുറത്തു വരാതിരിക്കൂ. ബ്രഹ്മാബാബയോട് ഹൃദയത്തിന്റെ സ്നേഹമില്ലേ. അപ്പോൾ സ്നേഹിയെ പിന്തുടരുക ബുദ്ധിമുട്ടാകുകയില്ല. സ്നേഹത്തെപ്പറ്റി പറയാറുണ്ട്- എവിടെ സ്നേഹമുണ്ടോ അവിടെ ജീവനും അർപ്പിക്കുന്നു. ബാപ്ദാദ ജീവൻ അർപ്പിക്കുവാൻ പറയുന്നില്ല. പഴയ ലോകം അർപ്പിക്കൂ. ഇതിന്റെ ഫൈനൽ ഡേറ്റ് തീരുമാനിക്കൂ. പരിപാടിയുടെ തിയ്യതി തീരുമാനിക്കുന്നു- 20ാം തിയ്യതിയാണ്, 24ാം തിയ്യതിയാണ്. ഇതിന്റെ തിയ്യതി എപ്പോൾ

തീരുമാനിക്കും?(ഇതിന്റെ തിയ്യതി ബാപ്ദാദ തീരുമാനിക്കട്ടെ) ബാപ്ദാദ എപ്പോൾ എന്ന വാക്ക് പറയുക യേയില്ല, ഇപ്പോൾ എന്നു പറയുന്നു. ബാപ്ദാദ എപ്പോൾ എന്നതിൽ വിടുമോ? ഇപ്പോൾ എന്നു പറയുന്നു. എന്തു ചെയ്യണമോ അത് ഇപ്പോൾ ചെയ്യൂ. എന്നാൽ ബാപ്ദാദ സമർഥനല്ലേ, അപ്പോൾ സമർഥന്റെ കണക്കിൽ ഇപ്പോൾ എന്നു പറയും. കുട്ടികൾ എപ്പോൾ എപ്പോൾ എന്ന ശീലത്തിൽ വീണുപോയിരിക്കുന്നു. അതിനാൽ ബാപ്ദാദ കുട്ടികളോട് പറയുന്നു- ഈ ഡേറ്റ് എപ്പോൾ തീരുമാനിക്കും? താങ്കളും എപ്പോൾ എപ്പോൾ എന്നു പറയുന്നുവെങ്കിൽ ബാബയും എപ്പോൾ എന്നു പറയും.

ഇപ്പോൾ സമയാനുസരണം എല്ലാവർക്കും പരിധിയില്ലാത്ത വൈരാഗ്യവൃത്തിയിൽ പോകുക തന്നെ വേണം. എന്നാൽ ബാപ്ദാദ കുരുതുന്നു- കുട്ടികൾക്ക് സമയം അധ്യാപകനാകാതിരിക്കട്ടെ, ബാബ അധ്യാപകനായിരിക്കുമ്പോൾ സമയമായാൽ ആകുക- ഇത് സമയത്തെ അധ്യാപകനാക്കലാണ്. ഇതിൽ മാർക്ക് കുറഞ്ഞുപോകുന്നു. ഇപ്പോഴും പല കുട്ടികളും പറയുന്നു- സമയം പഠിപ്പിക്കും, സമയം മാറ്റും. സമയമനുസരിച്ചാണെങ്കിൽ മുഴുവൻ വിശ്വത്തിലെ ആത്മാക്കളും മാറിക്കോളും എന്നാൽ താങ്കൾ കുട്ടികൾ സമയത്തെ കാത്തിരിക്കാതിരിക്കൂ. സമയത്തെ അധ്യാപകനാക്കരുത്. താങ്കൾ വിശ്വത്തിന്റെ അധ്യാപകന്റെ മാസ്റ്റർ വിശ്വ ശിക്ഷകരാണ്, രചയിതാവാണ്, സമയം രചനയാണെങ്കിൽ രചയിതാവായ ആത്മാക്കൾ രചനയെ അധ്യാപകനാക്കാതിരിക്കൂ. ബ്രഹ്മാബാബ സമയത്തെ അധ്യാപകനാക്കിയില്ല, പരിധിയില്ലാത്ത വൈരാഗ്യം ആദി മുതൽ അന്ത്യം വരെ ഉണ്ടായി. ആദിയിൽ കണ്ടു ഇത്രയും ശരീരം ഉപയോഗിച്ചു, മനസ് ഉപയോഗിച്ചു, ധനം ഉപയോഗിച്ചു, എന്നാൽ അൽപവും ആകർഷണം ഉണ്ടായില്ല. ശരീരത്തെ പറ്റി സദാ സ്വാഭാവികമായ സംസാരം ഇതായിരുന്നു- ബാബയുടെ രഥമാണ്. എന്റെ ശരീരമാണ്- അല്ല. ബാബയുടെ രഥമാണ്. ബാബയുടെ രഥത്തെ കഴിപ്പിക്കുകയാണ്, ഞാൻ കഴിക്കുകയാണ്-അല്ല. ശരീരത്തോടും പരിധിയില്ലാത്ത വൈരാഗ്യം. മനസ് മൻമനാഭവ തന്നെയായിരുന്നു. ധനവും ഉപയോഗിച്ചു, എന്നാൽ ഒരിക്കലും ഈ സങ്കൽപമേ വന്നില്ല- എന്റെ ധനം ഉപയോഗിക്കുകയാണ്. ഒരിക്കലും വർണിച്ചില്ല- എന്റെ ധനം ഉപയോഗിക്കുകയാണ് അഥവാ എന്റെ ധനം ഉപയോഗിച്ചു. ബാബയുടെ ഭണ്ഡാരമാണ്. ഭോലാനാഥന്റെ ഭണ്ഡാരമാണ്. ധനത്തെ എന്റേതെന്ന് കരുതി വ്യക്തിപരമായി തനിക്കായി ഒരു രൂപയുടെ സാധനം പോലും ഉപയോഗിച്ചില്ല. കന്യകമാരുടെയും മാതാക്കളുടെയും ചുമതലയാണ്, കന്യകമാർക്കും മാതാക്കൾക്കും വിൽ ചെയ്തു, എന്റേതെന്ന ഭാവമില്ലാതെ. സമയം, ശ്വാസം തനിക്കു വേണ്ടിയല്ല, അതിലും പരിധിയില്ലാത്ത് വൈരാഗിയായിരുന്നു. ഇത്രയുമെല്ലാം പ്രകൃതി ദാസിയായിരുന്നിട്ടും ഒരു അധിക സാധനവും ഉപയോഗിച്ചില്ല. സദാ സാധാരണ ജീവിതത്തിൽ കഴിഞ്ഞു. ഒരു വിശേഷ സാധനവും തന്റെ കാര്യത്തിൽ ഉപയോഗിച്ചില്ല. വസ്ത്രം പോലും ഒരേ തരത്തിലുള്ളതാണ് അന്തിമം വരേക്കും ഉണ്ടായിരുന്നത്, മാറ്റിയില്ല. കുട്ടികൾക്കായി കെട്ടിടമുണ്ടാക്കി, എന്നാൽ സ്വയം ഉപയോഗിച്ചില്ല, കുട്ടികൾ പറഞ്ഞിട്ടും കേട്ടുകൊണ്ട് ഉപരാമമായിരുന്നു. സദാ കുട്ടികളുടെ സ്നേഹം കണ്ടിട്ടും ഇതേ വാക്കായിരുന്നു- എല്ലാം കുട്ടികൾക്കാണ്. അപ്പോൾ ഇതിനെയാണ് പറയുന്നത് പരിധിയില്ലാത്ത വൈരാഗ്യവൃത്തി പ്രത്യക്ഷജീവിതത്തിലുണ്ടായി. അന്തിമത്തിൽ നോക്കൂ കുട്ടികൾ മുന്നിലുണ്ട്, കൈ പിടിച്ചിരിക്കുകയാണ്, എന്നാൽ ആകർഷണമുണ്ടായോ? പരിധിയില്ലാത്ത വൈരാഗ്യവൃത്തി. സ്നേഹി കുട്ടികൾ, അനന്യ കുട്ടികൾ മുന്നിലുണ്ടായിട്ടും പരിധിയില്ലാത്ത വൈരാഗ്യമായിരുന്നു. സെക്കൻഡിൽ ഉപരാമവൃത്തിയുടെ , പരിധിയില്ലാത്ത വൈരാഗ്യത്തിന്റെ തെളിവ് കണ്ടു. ഒരേ ലഹരി സേവനം, സേവനം, സേവനം... മറ്റെല്ലാ കാര്യങ്ങളിൽ നിന്നും ഉപരാമം. ഇതിനെയാണ് പറയുന്നത് പരിധിയില്ലാത്ത വൈരാഗ്യം. ഇപ്പോൾ സമയാനുസരണം പരിധിയില്ലാത്ത വൈരാഗ്യവൃത്തിയെ എമർജ് ചെയ്യൂ. പരിധിയില്ലാത്ത വൈരാഗ്യവൃത്തി കൂടാതെ സകാശിന്റെ സേവനം സംഭവിക്കുകയില്ല. അച്ഛനെ പിന്തുടരൂ. സാകാരത്തിൽ ബ്രഹ്മാബാബയുണ്ടായിരുന്നു, നിരാകാരന്റെ കാര്യമേ വിടൂ. സാകാരത്തിൽ സർവ പ്രാപ്തിയുടെയും മാർഗമുണ്ടായിട്ടും, സർവ കുട്ടികളുടെയും ചുമതലയുണ്ടായിട്ടും, സാഹചര്യങ്ങൾ, സമസ്യകൾ വന്നിട്ടും പാസ് ആയില്ലേ! പാസ് വിത് ഓണറിന്റെ സർട്ടിഫിക്കറ്റെടുത്തു. വിശേഷകാരണം പരിധിയില്ലാത്ത വൈരാഗ്യവൃത്തി. ഇപ്പോൾ സൂക്ഷ്മ സ്വർണച്ചങ്ങലയുടെ ആകർഷണം, വളരെ സൂക്ഷ്മആകർണം ധാരാളമുണ്ട്. പല കുട്ടികളും ആകർഷണത്തെ മനസിലാക്കുന്നുമില്ല- ഇത് ആകർഷണമാണ്. കരുതുന്നു- ഇതൊക്കെ സംഭവിക്കുക തന്നെ ചെയ്യും, ഇതൊക്കെ നടക്കുക തന്നെ ചെയ്യും. മുക്തമാകണം- ഇല്ല. എന്നാൽ ഇങ്ങനെ നടക്കുക തന്നെ ചെയ്യുന്നു. അനേക തരത്തിലുള്ള ആകർഷണം പരിധിയില്ലാത്ത വൈരാഗിയാക്കുകയില്ല. ആഗ്രഹിക്കുന്നുണ്ട്- ആകണം, സങ്കൽപവും ചെയ്യുന്നു- ആകുക തന്നെ വേണം. എന്നാൽ ആഗ്രഹിക്കുന്നതും ചെയ്യുന്നതും രണ്ടിന്റെയും സന്തുലനമില്ല. ആഗ്രഹിക്കുന്നത് വളരെയാണ്, ചെയ്യുന്നത് കുറവാണ്. ചെയ്യുക തന്നെ വേണം- ഈ വൈരാഗ്യവൃത്തി ഇപ്പോൾ എമർജല്ല. ഇടയ്ക്കിടെ എമർജാകുന്നു, പിന്നീട് മർജാകുന്നു. സമയം ചെയ്യിക്കുക തന്നെ ചെയ്യും എന്നാൽ പാസ് വിത് ഓണറാകാൻ കഴിയില്ല. പാസാകും എന്നാൽ പാസ് വിത് ഓണറല്ല. സമയത്തിന്റെ വേഗത തീവ്രമാണ്, പുരുഷാർഥത്തിന്റെ വേഗത കുറവാണ്. മേലെ മേലെ പുരുഷാർഥമുണ്ട് എന്നാൽ സൂക്ഷ്മആകർഷണത്തിൽ ബന്ധിക്കപ്പെട്ടു പോകുന്നു.

ബാപ്ദാദ കുട്ടികളുടെ ഗീതം കേൾക്കുമ്പോൾ – പറക്കാം..പറക്കാം.. അപ്പോൾ ചിന്തിക്കുന്നു പറന്നോളൂ പക്ഷേ ആകർഷണം പറക്കാൻ അനുവദിക്കുമോ അതോ ഇവിടത്തെയുമല്ല അവിടത്തെയുമല്ലാതിരിക്കുമോ? ഇപ്പോൾ സമയാനുസരണം ആകർഷണമുക്ത പരിധിയില്ലാത്ത വൈരാഗിയാകൂ. മനസാ വൈരാഗ്യമുണ്ടാകണം. പരിപാടിയനുസരിച്ച് വൈരാഗ്യം വരുന്നത് അൽപ കാലത്തേതാകുന്നു. പരിശോധിക്കൂ– തന്റെ സൂക്ഷ്മആകർഷണത്തെ. മേലെ മേലെയുള്ള കാര്യങ്ങൾ ഇപ്പോൾ തീർന്നിരിക്കുന്നു, കുറച്ചു കുട്ടികൾ മേലെ മേലെയുള്ള ആക്രംഷണത്തിൽ നിന്ന് മുക്തം തന്നെയാണ് എന്നാൽ സൂക്ഷ്മആകർഷണം വളരെ സൂക്ഷ്മമാണ്, സ്വയവും പരിശോധിക്കുന്നില്ല. (മനസിലാക്കാനാവുന്നില്ല). പരിശോധിക്കൂ, നല്ല രീതിയിൽ പരിശോധിക്കൂ. സമ്പൂർണതയുടെ ദർപ്പണത്തിലൂടെ ആകർഷണത്തെ പരിശോധിക്കൂ. ഇതേ ബ്രഹ്മാബാബയുടെ സ്മൃതി ദിവസത്തിന്റെ സമ്മാനം ബ്രഹ്മാബാബയ്ക്കു നൽകൂ. സ്നേഹമില്ലേ, സ്നേഹത്തിൽ എന്താണ് ചെയ്യാറുള്ളത്? സമ്മാനം നൽകാറില്ലേ? അപ്പോൾ ഈ സമ്മാനം നൽകൂ. വിടൂ എല്ലാ തീരങ്ങലും വിടൂ. മുക്തമായി മാറൂ. ബാപ്ദാദ സന്തോഷിക്കുകയും ചെയ്യുന്നു– കുട്ടികളിൽ ഉണർവുത്സാഹം ഉണരുന്നു, വളരെ നല്ല നല്ല സ്വ ഉന്നതിയുടെ സങ്കൽപവും ചെയ്യുന്നു. ഇപ്പോൾ ആ സങ്കൽപങ്ങളെ ചെയ്തുകാണിക്കൂ. ശരി

ഇന്ന് വിശേഷിച്ച് ടീച്ചർമാരുടെ സംഘടന കൂടിയിരിക്കുന്നു. സേവനത്തിനു പകരമായി ഈ ഉത്സവം വെച്ചിരിക്കുന്നു. ബാപ്ദാദ സന്തോഷിക്കുന്നു– കുട്ടികൾക്ക് സേവനത്തിന്റെ ഫലം ലഭിച്ചുകൊണ്ടിരിക്കുകയാണ് അഥവാ ആഘോഷിക്കുകയാണ്, കഴിച്ചുകൊണ്ടിരിക്കുകയാണ്. സേവനത്തിൽ യഥാക്രമം സഫലമാകുന്നു, ആയിക്കൊണ്ടുമിരിക്കും. ശരി

നാനാഭാഗത്തെയും ദേശ വിദേശത്തെ സ്നേഹത്തിൽ അലിഞ്ഞു ചേർന്ന സ്നേഹി കുട്ടികൾക്ക്, സദാ ബാബയുടെ സ്നേഹത്തിന്റെ സാഗരത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന അതി സമീപആത്മാക്കൾക്ക്, സദാ ബ്രഹ്മാബാബയുടെ വിശേഷതകളെ സ്വയത്തിൽ ധാരണ ചെയ്യുന്ന ശ്രേഷ്ഠആത്മാക്കൾക്ക്, സദാ പരിശ്രമമുക്തരായി ആനന്ദത്തിൽ കഴിയുന്ന പരമാത്മസ്നേഹത്തിൽ പറക്കുന്ന ആത്മാക്കൾക്ക് , ബാപ്സമാനമാകാനുള്ള സങ്കൽപത്തെ സാകാരത്തിൽ കൊണ്ടുവരുന്ന, ഇങ്ങനെ ദിലാരാമനായ ബാബയുടെ ഹൃദയത്തിലലിഞ്ഞ കുട്ടികൾക്ക്, വിശേഷിച്ച് ഇന്നത്തെ ദിവസം ബ്രഹ്മാബാബയുടെ കോടി കോടി മടങ്ങ് സ്നേഹസ്മരണ സ്വീകരിച്ചാലും. ബാപ്ദാദ സദാ കുട്ടികളുടെ ഹൃദയത്തിൽ കഴിയുന്നു, വതനത്തിൽ കഴിഞ്ഞുകൊണ്ടും കുട്ടികളുടെ ഹൃദയത്തിൽ കഴിയുന്നു. അപ്പോൾ ഇങ്ങനെ ഹൃദയത്തിലലിഞ്ഞ കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹത്തിന്റെ മുത്തുകളുടെ താലങ്ങൾ നിറയെ നിറയെ സ്നേഹസ്മരണകൾ, നമസ്തേ.

## വരദാനം: സങ്കൽപമാകുന്ന ബീജത്തെ സദാ സമർഥമാക്കുന്ന ജ്ഞാനിതു ആത്മാവായി ഭവിക്കട്ടെ.

ജ്ഞാനം കേൾക്കുന്നതിനും കേൾപ്പിക്കുന്നതിനും ഒപ്പമൊപ്പം ജ്ഞാനസ്വരൂപമാകൂ. ജ്ഞാനസ്വരൂപം എന്നാൽ ആരുടെയാണോ ഓരോ സങ്കൽപവും വാക്കും കർമവും സമർഥമാകുന്നത്, വ്യർഥം സമാപ്തമായത്. എവിടെ സമർഥതയുണ്ടോ അവിടെ വ്യർഥം ഉണ്ടാകുക സാധ്യമല്ല. പ്രകാശവും അന്ധകാരവും ഒപ്പമുണ്ടാകാത്ത പോലെ. അപ്പോൾ ജ്ഞാനം പ്രകാശമാണ്, വ്യർഥം അന്ധകാരമാണ് അതിനാൽ ജ്ഞാനിതു ആത്മാവെന്നാൽ ഓരോ സങ്കൽപമാകുന്ന ബീജവും സമർഥമായിരിക്കും. ആരുടെ സങ്കൽപം സമർഥമാണോ അവരുടെ വാക്ക്, കർമം, സംബന്ധം സഹജമായി തന്നെ സമർഥമായി മാറുന്നു.

## സ്ലോഗൻ: സൂര്യവംശത്തിൽ പോകണമെങ്കിൽ യോഗിയാകൂ, യോദ്ധാവല്ല

**സൂചന**: ഇന്ന് മാസത്തിലെ മൂന്നാം ഞായറാഴ്ച അന്താരാഷ്ട്ര യോഗാദിവസമാണ്, എല്ലാ ബ്രഹ്മാവത്സരും സംഘടിത രൂപത്തിൽ വൈകിട്ട് 6.30 മുതൽ 7.30 വരെ വിശേഷിച്ച് തന്റെ ആകാരി മാലാഖാ രൂപത്തിൽ സ്ഥിതി ചെയ്യൂ, ഡബിൾ ലൈറ്റ് മാലാഖയായി ബാപ്ദാദയ്ക്കൊപ്പം വിശ്വ പരിക്രമണം ചെയ്തുകൊണ്ട് സർവർക്കും സകാശ് നൽകുന്നതിൻരെ സേവനം ചെയ്യാം.

**അവ്യക്തി സൈലൻസിലൂടെ ഡബിൾലൈറ്റ് മാലാഖാസ്ഥിതിയുടെ അനുഭവം ചെയ്യൂ**

ഡബിൾ ഉത്തരവാദിത്തമുണ്ടായിക്കൊണ്ടും ഡബിൾലൈറ്റായിരിക്കൂ. ഡബിൾലൈറ്റായിരിക്കുന്നതിലൂടെ ലൗകികഉത്തരവാദിത്തം ഒരിക്കലും ക്ഷീണിപ്പിക്കുകയില്ല എന്തെന്നാൽ ട്രസ്റ്റിയാണ്. ട്രസ്റ്റിക്ക് എന്താണ് ക്ഷീണം. തന്റെ ഗൃഹസ്ഥം , തന്റെ ചുമതല എന്നു കരുതുന്നുവെങ്കിൽ ഭാരമാണ്. തന്റേതേ അല്ല എങ്കിൽ ഭാരം ഏതു കാര്യത്തിന്റെയാണ്, തീർത്തും വേറിട്ട സ്നേഹി, കുട്ടിയിൽ നിന്ന് അധികാരി.